# പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.539 - 10/03/2015 - ലെ മറുപടിക്ക്**

## സംസ്ഥാനത്തിന്റെ പൊതുകടം

| ചോദ്യം<br>ശ്രീ. എം.ചന്ദ്രൻ | ഉത്തരം<br>ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തിന്റെ പൊതുകടം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ ; | 2014 ഡിസംബർ 31 വരെ ലഭ്യമായ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്ക് ഉൾപ്പെടെ 31.12.2014 വരെ സംസ്ഥാനത്തിന്റെ പൊതുകടം 128095.05 കോടി രൂപയാണ്. |
| (ബി) സഹകരണ സ്ഥാപനങ്ങളിലെ പണം ട്രഷറിയിൽ നിക്ഷേപിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നുള്ള വിവരം ശരിയാണോയെന്ന് വ്യക്തമാക്കാമോ; | സഹകരണ സ്ഥാപനങ്ങളിലെ പണം ട്രഷറിയിൽ നിക്ഷേപിക്കുവാൻ ആവശ്യപ്പെട്ടിട്ടില്ല. |
| (സി) ക്ഷേമനിധി ബോർഡുകളിൽ നിന്നുമുള്ള പണവും ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് ആവശ്യമുന്നയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | വിവിധ ക്ഷേമനിധി ബോർഡുകൾ, KSFEതുടങ്ങിയ സ്ഥാപനങ്ങളുടെ സ്ഥിരനിക്ഷപം/ ക്യാഷ് സർപ്ള സിൽ നിന്നും ട്രഷറിയിൽ നിക്ഷേപം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) എത്ര കോടി രൂപയാണ് ഇത്തരത്തിൽ വാങ്ങുവാൻ ഉദ്ദേശിക്കുന്നത്; ഇതിന് എത്ര ശതമാനം പലിശയാണ് നല്കുന്നത്; വിശദാംശം നൽകാമോ? | വാങ്ങാനുദ്ദേശിക്കുന്ന തുക നിശ്ചയിച്ചിട്ടില്ല. ഇത്തരത്തിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് നിലവിൽ ലഭിക്കുന്ന പലിശയേക്കാൾ 1% അധികപലിശ സ്ഥാപനത്തിന് നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ